**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 306** **27-10-2021 - ൽ മറുപടിയ്ക്ക്**

**സിൽവർലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . സണ്ണി ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സിൽവർലൈൻ പദ്ധതിയുടെ യഥാർത്ഥ തുക സംബന്ധിച്ച് നിതി ആയോഗ് നടത്തിയ വിലയിരുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ നീതി ആയോഗിനു സമർപ്പിക്കുകയുണ്ടായി. അവരുടെ ആദ്യ ഘട്ട പരിശോധനയിൽ ഡൽഹി-മീററ്റ് ആർ.ആർ.റ്റി.എസ്, മുംബൈ - അഹമ്മദാബാദ് ഹൈ സ്പീഡ് റെയിൽ, മെട്രോ റെയിൽവേസ് തുടങ്ങിയ പദ്ധതി കളുടെ പദ്ധതി ചെലവുമായി താരതമ്യം ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് കെ.ആർ.ഡി.സി. എൽ ന്റെ വിശദീകരണം നീതി ആയോഗ് ആരാഞ്ഞിരുന്നു. ഇതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുകയും നീതി ആയോഗ് അത് അംഗീകരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ വായ്പയ്ക്കായി കേന്ദ്ര സാമ്പത്തിക കാര്യ മന്ത്രാലയ ത്തിനു നീതി ആയോഗ് പദ്ധതി ശുപാർശ ചെയ്തു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കേന്ദ്ര സാമ്പത്തിക കാര്യ മന്ത്രാലയ ത്തിന്റെ സ്ക്രീനിംഗ് കമ്മിറ്റി ചില വിശദാംശങ്ങൾ തേടിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) | പദ്ധതിയുടെ യഥാർത്ഥ തുക സർക്കാരിന്റെ എസ്റ്റിമേറ്റ് തുകയുടെ ഇരട്ടിയോളം ആകുമെന്ന കണ്ടെത്തൽ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നീതി ആയോഗ് അംഗീകരിച്ച റിപ്പോർട്ട് പ്രകാരം പദ്ധതിയുടെ യഥാർത്ഥ തുക സർക്കാരിന്റെ എസ്റ്റിമേറ്റ് തുകയിൽ കൂടുതലാകും എന്ന കണ്ടെത്തലിനു കെ.ആർ.ഡി. സി.എൽ വസ്തുതകൾ ആധാരമാക്കി യുള്ള മറുപടി നൽകിയിരുന്നു. പ്രസ്തുത മറുപടി അംഗീകരിച്ചതിനു ശേഷമാണ് കേന്ദ്ര സാമ്പത്തിക കാര്യ മന്ത്രാലയത്തിനു സിൽവർ ലൈൻ പദ്ധതിക്കുള്ള വായ്പ സമാഹരണത്തിനു ശുപാർശ ചെയ്തത്. |
| (സി) | എസ്റ്റിമേറ്റ് തുകയിൽനിന്ന് യഥാർത്ഥ തുക കൂടുതലായാൽ അധിക തുക എങ്ങനെ | (സി) | എസ്റ്റിമേറ്റ് തുകയിൽ നിന്ന് യഥാർത്ഥ തുക കൂടുതലായി വരുന്ന സാഹചര്യമില്ല എന്നാണ് |

| | | | |
|---|---|---|---|
| | കണ്ടെത്തുമെന്നത് വിശദമാക്കാമോ; | | വിലയിരുത്തുന്നത്. |
| (ഡി) | കെ-റെയിൽ പദ്ധതിയുടെ ആക്സിൽ ലോഡ് പതിനേഴ് ടൺ ആയതിനാൽ ചരക്ക് ട്രെയിനുകൾ ഓടിക്കാൻ സാധിക്കില്ലെന്നും ഹൈബ്രിഡ് മോഡൽ നടപ്പിലാക്കി സാമ്പത്തിക ലാഭം നേടാൻ സാധിക്കില്ല എന്നും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) | കെ-റെയിൽ പദ്ധതിയുടെ ആക്സിൽ ലോഡ് പതിനേഴ് ടൺ ആയതിനാൽ ചരക്ക് ട്രെയിനുകൾ ഓടിക്കാൻ സാധിക്കില്ലെന്നും ഹൈബ്രിഡ് മോഡൽ നടപ്പിലാക്കി സാമ്പത്തിക ലാഭം നേടാൻ സാധിക്കില്ല എന്നുമുള്ള വാദം വസ്തുതാവിരുദ്ധമാണ്. സിൽവർ ലൈൻ ട്രെയിനിൽ മണിക്കൂറിൽ പരമാവധി 200 കിലോമീറ്റർ വേഗതയിൽ 16 ടൺ ആക്സിൽ ലോഡുള്ള പാസഞ്ചർ ട്രെയിനുകളും മണിക്കൂറിൽ 120 കിലോമീറ്റർ പരമാവധി വേഗതയിൽ 22.5 ടൺ ആക്സിൽ ലോഡുള്ള റോ-റോ ചരക്കും ട്രെയിനുകളും ഓടിക്കുവാൻ പര്യാപ്തമായ ഘടനയിലാണ് സിൽവർലൈൻ സിവിൽ സ്ട്രക്ചേഴ്സ് രൂപകല്പന ചെയ്തിരിക്കുന്നത്. ആയതിനാൽ ചരക്കു ഗതാഗതം സുഗമമായിത്തന്നെ നടത്തുവാൻ സാധിക്കുന്നതാണ്. |
| (ഇ) | ചരക്ക് ട്രെയിനുകൾ കൂടി ഓടിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (ഇ) | കെ-റെയിൽ പദ്ധതിയുടെ ആക്സിൽ ലോഡ് പതിനേഴ് ടൺ ആയതിനാൽ ചരക്ക് ട്രെയിനുകൾ ഓടിക്കാൻ സാധിക്കില്ലെന്നും ഹൈബ്രിഡ് മോഡൽ നടപ്പിലാക്കി സാമ്പത്തിക ലാഭം നേടാൻ സാധിക്കില്ല എന്നുമുള്ള വാദം വസ്തുതാവിരുദ്ധമാണ്. സിൽവർ ലൈൻ ട്രെയിനിൽ മണിക്കൂറിൽ പരമാവധി 200 കിലോമീറ്റർ വേഗതയിൽ 16 ടൺ ആക്സിൽ ലോഡുള്ള പാസഞ്ചർ ട്രെയിനുകളും മണിക്കൂറിൽ 120 കിലോമീറ്റർ പരമാവധി വേഗതയിൽ 22.5 ടൺ ആക്സിൽ ലോഡുള്ള റോ-റോ ചരക്കും ട്രെയിനുകളും ഓടിക്കുവാൻ പര്യാപ്തമായ ഘടനയിലാണ് സിൽവർലൈൻ സിവിൽ സ്ട്രക്ചേഴ്സ് രൂപകല്പന ചെയ്തിരിക്കുന്നത്. ആയതിനാൽ ചരക്കു ഗതാഗതം സുഗമമായിത്തന്നെ നടത്തുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ